നം.എം.4/40015/2011/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി, 27.9.2011.

## സർക്കുലർ

വിഷയം:- സ്കൂൾ വാഹനങ്ങൾ - സുരക്ഷിതത്വ നിർദ്ദേശങ്ങൾ -
സൂചന:-നം.6011/ഡി3/2011/ട്രാൻസ്പോർട്ട് തീയതി, 7.6.2011

കേരളത്തിൽ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതും കുട്ടികൾ മരണപ്പെടുന്നതും അതീവ ദു:ഖത്തോടെ വീക്ഷിക്കുന്നതോടൊപ്പം ഇനിയും ഇത്തരം അപകടങ്ങൾ ഉണ്ടാവാതിരിക്കാനുള്ള ചില സുരക്ഷിതത്വ നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിന് സ്കൂൾ അധികൃതർക്ക് നിർദ്ദേശങ്ങൾ നൽകുന്നു. താഴെക്കൊടുത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർ പ്രത്യേകം ശ്രദ്ധയെടുത്ത് നടപ്പിലാക്കേണ്ടതാണ്.

1. ഓരോ സ്കൂളിലുമുള്ള വാഹനങ്ങളെ സംബന്ധിച്ചും സ്കൂളിലേക്ക് കുട്ടികളെ കൊണ്ടുവരുന്ന വാഹനങ്ങളെ സംബന്ധിച്ചും ഒരു വാഹന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. അതിൽ ഡ്രൈവറുടെയും വാഹനത്തിന്റെയും അതിൽ കയറുന്ന കുട്ടികളുടേയും വിശദവിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടുന്നതാണ്. ആവശ്യമെങ്കിൽ ഇതിന്റെ കോപ്പി അടുത്ത പോലീസ് സ്റ്റേഷനിൽ നൽകേണ്ടതാണ്. കൂടാതെ എല്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ഇതിന്റെ കൺസോളിഡേറ്റഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
2. ഓരോ സ്കൂളിലും വാഹനത്തെ സംബന്ധിച്ചുള്ള ദൈനംദിന ഭരണപരമായ കാര്യങ്ങൾക്ക് ഒരു അദ്ധ്യാപകൻ/അദ്ധ്യാപികയെ ചുമതല ഏല്പിക്കുകയും അവരെ സഹായിക്കുന്നതിന് പേരന്റ് ടീച്ചർ അസോസിയേഷന്റെ ഒരു എക്സിക്യൂട്ടീവ് അംഗത്തിനെങ്കിലും ചുമതല നൽകേണ്ടതും ആഴ്ചയിൽ ഒരു ദിവസം ഹെഡ്മാസ്റ്റർ പരിശോധിക്കേണ്ടതുമാണ്.
3. വാഹന സഞ്ചാരത്തെ സംബന്ധിച്ച് പി.ടി.എ.യിൽ നിന്ന് ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ തിരഞ്ഞെടുക്കുകയും അവർ ഇതിനെ സംബന്ധിച്ചുള്ള പീരിയോഡിക്കൽ റിപ്പോർട്ടുകൾ പ്രധാന അദ്ധ്യാപകനും പി.ടി.എ. കമ്മിറ്റിക്കും നൽകേണ്ടതാണ്.
4. സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാൻ പോലീസ് മോട്ടോർ വാഹന വകുപ്പുകളുമായി ആലോചിച്ചു നടത്തേണ്ടത് പ്രധാന അദ്ധ്യാപകരുടെ ഉത്തരവാദിത്വമാണ്. ഡ്രൈവർമാർ കുറഞ്ഞത് 35 വയസ്സെങ്കിലും പ്രായം നിഷ്കർഷിക്കാവുന്നതാണ്.
5. പ്രധാന അദ്ധ്യാപകരുടെ യോഗങ്ങളിൽ സ്കൂൾ വാഹനത്തിന്റെ വിശദാംശങ്ങളും ഒരു പ്രധാന അജണ്ടയായി ചർച്ച ചെയ്യേണ്ടതും രേഖപ്പെടുത്തേണ്ടതും ആവശ്യമായ മാറ്റങ്ങൾക്കായി ജില്ലാതല ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

6. ജില്ലാതലത്തിൽ പോലീസ്, മോട്ടോർ വാഹന വകുപ്പുകളുമായി ആലോചിച്ച് കൂടുതൽ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതും ജില്ലയിൽ നടപ്പിലാക്കാവുന്നതുമാണ്.

7. കുട്ടികൾ വാഹനങ്ങളിൽ യാത്ര ചെയ്ത് സ്കൂളിൽ എത്തുന്ന പ്രക്രിയക്ക് കുറവു വരുത്തുന്നതിനായി വീടിനടുത്ത സ്കൂളിൽ തന്നെ കുട്ടികളെ പഠിപ്പിക്കാൻ രക്ഷിതാക്കൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

8. എല്ലാ സ്കുളിലും ട്രാഫിക് ക്ലബ്ബുകൾ രൂപീകരിക്കുകയും പോലീസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ചു പ്രവർത്തിക്കേണ്ടതുമാണ്.

9. ട്രാഫിക് ക്ലബ്ബുകളുടെ പ്രവർത്തനം എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി.മാർ മോണിറ്റർ ചെയ്യേണ്ടതാണ്.

10. റോഡ് സേഫ്റ്റിയെ സംബന്ധിച്ചുള്ള നിരന്തര ബോധവൽക്കരണ പരിപാടി കൾ സ്കൂളുകളിൽ നടത്തണം.

11. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ഉള്ള സ്കൂളുകളിൽ അവരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തണം.

12. ജലാശയങ്ങളുടെ പാർശ്വത്തിലുള്ള വീഥിയിലൂടെ ഗതാഗതം നടത്തുന്ന വാഹനങ്ങളുടെ വേഗപരിധി നിശ്ചയിക്കുന്നത് ഉചിതമായിരിക്കും.

13. വാഹനങ്ങളുടെ പഴക്കം സംബന്ധിച്ചുള്ള നിലവിലുള്ള നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

14. വാഹനങ്ങളുടെ ക്ഷമത സ്ഥിരമായി പരിശോധിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്താവുന്നതാണ്.

കേരളാ റോഡ് സുരക്ഷ അതോറിറ്റി തയ്യാറാക്കിയിട്ടുള്ള കുട്ടികൾക്കുവേണ്ടിയുള്ള റോഡ് സുരക്ഷാ തത്വങ്ങൾ പ്രതിപാദിക്കുന്ന ''സ്കൂളിലേക്ക് ഒരു സുരക്ഷിതപാത'' എന്ന പുസ്തകവും അദ്ധ്യാപകർക്കുള്ള ഇത് സംബന്ധമായ പഠനസഹായിയും സ്കൂളുകളിൽ എത്തിക്കുന്നതാണ്. ഇവ പ്രയോജനപ്പെടുത്തികൊണ്ട് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കൂടുതൽ ബോധന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ സമയബന്ധിതമായിട്ടും അടിയന്തിരമായിട്ടും നടപ്പിലാക്കിയതിന്റെ റിപ്പോർട്ട് ഡി.ഡി.മാർ ശേഖരിച്ച് നൽകേണ്ടതും ആദ്യ റിപ്പോർട്ട് 2011,ഒക്ടോബർ 15ന് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിക്കേണ്ടതുമാണ്.

ഒപ്പ്,

എ.ഷാജഹാൻ, ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ.

എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അറിവിലേക്കും അടിയന്തിര നടപടിക്കും.